**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 281** **09-10-2025 - ൽ മറുപടിയ്ക്ക്**

**റോഡ് അപകടങ്ങൾ കുറയ്ക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. എം. വിൻസെന്റ് ,<br>ശ്രീമതി ഉമ തോമസ് | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് റോഡ് അപകടങ്ങൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് കുറയ്ക്കുന്നതിന് കൈക്കൊണ്ട നടപടികൾ വിശദമാക്കാമോ; | (എ) | ഉണ്ട്. കേരള സംസ്ഥാന ക്രൈം റെക്കോർഡ്സ് ബ്യൂറോ (SCRB) പ്രസിദ്ധീകരിച്ച 2022, 2023, 2024 വർഷങ്ങളിലെ റോഡ് അപകട വിവരങ്ങൾ പ്രകാരം, അപകടങ്ങളുടെ എണ്ണം വർദ്ധിച്ചെങ്കിലും മരണസംഖ്യയിൽ വ്യക്തമായ കുറവ് രേഖപ്പെടുത്തിയിട്ടുണ്ട്. 2022-ൽ 43,810 അപകടങ്ങൾ ഉണ്ടായപ്പോൾ, 2023-ൽ അത് 48,091 ആയും, 2024ൽ 48,843 ആയും വർദ്ധിച്ചുവെങ്കിലും, റോഡ് അപകട മരണങ്ങൾ 2022 ലെ 4,317-ൽ നിന്ന് 2023ൽ 4,080 ആയും, 2024-ൽ 3,874 ആയും കുറയുകയുണ്ടായി (2022-നെ അപേക്ഷിച്ച് 10.3% കുറവും, 2023-നെ അപേക്ഷിച്ച് 5.0% കുറവും). റോഡ് അപകടങ്ങൾ കുറയ്ക്കുന്നതിനായി സർക്കാർ സ്വീകരിച്ച വിവിധ സുരക്ഷാ നടപടികൾ ഫലപ്രദമാണെന്നാണ് ഇത് സൂചിപ്പിക്കുന്നത്.<br><br>സംസ്ഥാനത്തുണ്ടാകുന്ന മേജർ ആക്സിഡന്റുകൾ സുപ്രീം കോർട്ട് കമ്മിറ്റിയുടെ നിർദ്ദേശ പ്രകാരം എല്ലാ ഏജൻസികളും പരിശോധന നടത്തി കാരണങ്ങൾ കണ്ടെത്തി നടപടികൾ സ്വീകരിച്ചു വരുന്നു. അത്തരം അപകടങ്ങൾ ആവർത്തിക്കാതിരിക്കൽ, റോഡ് സുരക്ഷാ ഉപകരണങ്ങൾ സ്ഥാപിക്കുക, മെച്ചപ്പെട്ട Enforcement നടപടികൾ, ബോധവത്ക്കരണ പരിപാടികൾ മുതലായവ നടപ്പിലാക്കി വരുന്നു. സ്റ്റേക്ക്ഹോൾഡർ ഡിപ്പാർട്ട്മെന്റുകൾ ആവശ്യപ്പെടുന്ന ഇത്തരം അപകട നിർമാർജ്ജന പ്രവർത്തനങ്ങൾക്ക് റോഡ് സേഫ്റ്റി ഫണ്ട് അനുവദിച്ച് വരുന്നു. കൂടാതെ എല്ലാ റോഡപകടങ്ങളും enforcement ഏജൻസികൾ സ്ഥിരമായി പരിശോധിച്ച് കാരണങ്ങൾ കണ്ടെത്തി നടപടികൾ സ്വീകരിക്കുന്നു. |

തുടർച്ചയായി അപകടങ്ങൾ നടക്കുന്ന സ്ഥലങ്ങൾ ശാസ്ത്രീയമായി നാറ്റ്പാക് മുഖാന്തരം കണ്ടെത്തി അപകടങ്ങളുടെ തീവ്രതയനുസരിച്ച് മുൻഗണനാക്രമം നിശ്ചയിക്കുകയും പ്രസ്തുത ഭാഗങ്ങളിൽ (ബ്ലാക്ക് സ്പോട്ടുകളിൽ) പോലീസിന്റെയും, മോട്ടോർ വാഹന വകുപ്പിന്റെയും, റോഡ് സുരക്ഷാ അതോറിറ്റിയുടെയും സഹകരണത്തോടു കൂടി സംയുക്ത സ്ഥല പരിശോധന നടത്തി, സ്ഥലപരിശോധന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഭാഗത്തെ അപകടങ്ങൾ ഒഴിവാക്കുന്നതിനുള്ള തിരുത്തൽ പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു.

റോഡപകടങ്ങൾ നിവാരണം ചെയ്യുന്നതിന് വേണ്ടി കെഎസ്ആർടിസിയിൽ ചീഫ്ഓഫീസ് തലത്തിലും ഡിപ്പോ തലത്തിലും ACCIDENT MONITORING CELL (അപകട നിരീക്ഷണ സമിതി) പ്രവർത്തിച്ചു വരുന്നു. ഈ സമിതി എല്ലാം മാസവും യോഗം ചേർന്ന് അപകടങ്ങൾ വിലയിരുത്തുകയും അപകടം കുറയ്ക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നു. റോഡ് അപകട നിവാരണവുമായി ബന്ധപ്പെട്ട് ഡിപ്പോ തലത്തിൽ മൂന്ന് മാസത്തിൽ ഒരിക്കൽ മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ, Road Safety Authority ഉദ്യോഗസ്ഥർ, ഈ മേഖലയിലെ വിദഗ്ധൻമാർ എന്നിവരുടെ നേതൃത്വത്തിൽ മുഴുവൻ ഡ്രൈവർ കണ്ടക്ടർ വിഭാഗം ജീവനക്കാർക്കും അപകട ബോധവൽക്കരണ ക്ലാസുകൾ നടത്തി വരുന്നു. കൂടാതെ ഫാറ്റൽ അപകടങ്ങൾ ഉണ്ടാക്കുന്ന ഡ്രൈവർ വിഭാഗം ജീവനക്കാർക്കും മദ്യപിച്ച് ഡ്യൂട്ടിയ്ക്കെത്തുന്ന ജീവനക്കാർക്കും പരിശോധന നടത്തി കർശന അച്ചടക്ക നടപടികളും തിരുത്തൽ പരിശീലനവും നൽകിവരുന്നു.

അപകടങ്ങൾ കുറയ്ക്കുന്നതിന്റെ ഭാഗമായി പുതിയ ബസുകളിൽ "കോ പൈലറ്റ് A1 ഫീച്ചർ ക്യാമറ" ഡ്രൈവർ ക്യാമറയുടെ കൂടെ ഘടിപ്പിച്ചിട്ടുണ്ട്. ഇതിന്റെ സഹായത്താൽ ഡ്രൈവിംഗ് സമയത്തുള്ള ഉറക്കം, മൊബൈൽ ഉപയോഗം, അമിത വേഗത, അശ്രദ്ധമായ ഡ്രൈവിംഗ് എന്നിവ യഥാസമയം തന്നെ കണ്ടെത്തി അലർട്ട് ചെയ്യുന്നതിലൂടെ അപകടം ഒഴിവാക്കുന്നതിന് സാധിയ്ക്കുന്നുണ്ട്. മേൽ പറഞ്ഞ സാഹചര്യങ്ങൾ ഉണ്ടായാൽ കൺട്രോൾ റൂമിൽ തത്സമയം തന്നെ വിവരം ലഭ്യമാക്കുന്ന സോഫ്റ്റ്‌വെയർ ആണ് ഇൻസ്റ്റാൾ ചെയ്തിരിക്കുന്നത്.

അപകടകരമായ ഡ്രൈവിംഗിനെ കുറിച്ച് പൊതുജനങ്ങൾക്ക് റിപ്പോർട്ട് ചെയ്യുന്നതിലേക്കായി

| | | | |
|---|---|---|---|
| | | | “AM I DRIVING DANGEROUSALY” (Whatsapp No:9188619380) എന്ന വാട്സാപ്പിലൂടെ ജനങ്ങൾക്ക് പരാതി അറിയിക്കാവുന്നതും ആയത് പരിശോധിച്ച് തുടർനടപടികൾ സ്വീകരിച്ചു വരുന്നതുമാണ്.<br><br>റോഡ് അപകടങ്ങൾ കുറയ്ക്കുന്നതിനായി ഗതാഗത വകുപ്പ് റോഡ് സേഫ്റ്റി അതോറിറ്റി മുഖേന നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | സംസ്ഥാനത്തെ റോഡുകളിലെ അപകട മേഖലകൾ കണ്ടെത്തി പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ബി) | സംസ്ഥാനത്ത് റോഡ് അപകടങ്ങൾ കുറയ്ക്കുന്നതിനായി, അപകടസാധ്യത കൂടുതലുള്ള സ്ഥലങ്ങൾ (ബ്ലാക്ക് സ്പോട്ടുകൾ) കണ്ടെത്തി ശാസ്ത്രീയമായ പരിഹാരങ്ങൾ ബന്ധപ്പെട്ട വകുപ്പുകൾ മുഖാന്തിരം നടപ്പിലാക്കുന്നു. സംസ്ഥാന ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ കഴിഞ്ഞ മൂന്ന് വർഷത്തെ അപകട കണക്കുകൾ വിശകലനം ചെയ്താണ് ഈ പഠനങ്ങൾ നടത്തുന്നത്.<br><br>റോഡ് സുരക്ഷാ അതോറിറ്റിയുടെ വിവിധ സ്റ്റേക്ഹോൾഡിംഗ് വകുപ്പുകളായ പോലീസ് വകുപ്പ്, മോട്ടോർ വാഹന വകുപ്പ്, പൊതുമരാമത്ത് വകുപ്പ് (ദേശീയ പാത), പൊതുമരാമത്ത് (റോഡ്സ്), ആരോഗ്യ വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, 14 ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകൾ എന്നിവ മുഖേനയാണ് പ്രധാനമായും റോഡ് സുരക്ഷാ അതോറിറ്റി റോഡ് സുരക്ഷാ പ്രവർത്തനങ്ങൾ നടത്തിവരുന്നത്. ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകൾ, മറ്റു സ്റ്റേക് ഹോൾഡിങ്ങ് വകുപ്പുകൾ ശുപാർശ ചെയ്യുന്ന പദ്ധതികളും കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ തീരുമാനമനുസരിച്ച് കേരള റോഡ് സുരക്ഷ അതോറിറ്റിയുടെ ഫണ്ട് വിനിയോഗിച്ച് ബന്ധപ്പെട്ട വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു.<br><br>**<u>ബ്ലാക്ക് സ്പോട്ട് പരിഹാര നടപടികൾ</u>**<br><br>റോഡ് സുരക്ഷാ അതോറിറ്റി, NHAI എന്നിവയുടെ ഫണ്ടുകളും, പ്ലാൻ സ്കീമുകളും ഉപയോഗിച്ചാണ് ഈ പ്രവർത്തനങ്ങൾ നടപ്പാക്കുന്നത്. ബ്ലാക്സ്പോട്ടുകൾ കണ്ടെത്തുന്നതിനും പരിഹരിക്കുന്നതിനും സ്വീകരിച്ചു വരുന്ന പ്രധാന നടപടികൾ താഴെപ്പറയുന്നവയാണ്.<br><br>• **2019-ലെ NATPAC പഠനം :**<br><br>ഈ പഠനത്തിൽ 238 ബ്ലാക്ക് സ്പോട്ടുകൾ കണ്ടെത്തി. ഇതിൽ, അതിതീവ്ര മുൻഗണനയുള്ള സ്ഥലങ്ങളിൽ റോഡ് മാർക്കിങ്ങും ട്രാഫിക് സൈൻ ബോർഡുകളും |

സ്ഥാപിക്കുന്നതുൾപ്പെടെയുള്ള പ്രാഥമിക നടപടികൾ സ്വീകരിക്കാൻ പൊതുമരാമത്ത് (റോഡ്സ്) വകുപ്പിന് നിർദ്ദേശം നൽകുകയും തുടർന്ന് വകുപ്പ് 48 സ്ഥലങ്ങളിൽ പ്രസ്തുത ജോലികൾ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.

75 അതിതീവ്ര ബ്ലാക്ക് സ്പോട്ടുകൾക്ക് സ്ഥിരമായ പരിഹാരങ്ങൾ കാണുന്നതിനായി നാറ്റ്പാക് (NATPAC) തയ്യാറാക്കിയ ഡിസൈൻ പ്രകാരം പ്രവർത്തികൾ നടപ്പാക്കാൻ തീരുമാനിക്കുകയും, ഇതിനായി 25 ബ്ലാക്ക് സ്പോട്ടുകൾക്ക് 23.5 കോടി രൂപ പൊതുമരാമത്ത് വകുപ്പിന് കേരള റോഡ് സേഫ്റ്റി ഫണ്ടിൽ നിന്ന് അനുവദിക്കുന്നതിന് റോഡ് സേഫ്റ്റി അതോറിറ്റിയുടെ മീറ്റിങ്ങിൽ തീരുമാനം കൈകൊള്ളുകയും, 24 ബ്ലാക്ക് സ്പോട്ടുകൾ ഇല്ലായ്മ ചെയ്യുന്നതിനായി ചീഫ് എഞ്ചിനീയർ 21.92 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിക്കുകയും പ്രസ്തുത എസ്റ്റിമേറ്റ് പ്രകാരമുള്ള 21.92 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

- **2021-ലെ NATPAC പഠനം :**

ഈ പഠനത്തിൽ 233 അപകടസാധ്യതയുള്ള റോഡ് സ്ട്രെച്ചുകൾ (Vulnerable Road Stretches) കണ്ടെത്തുകയുണ്ടായി. ഈ സ്ഥലങ്ങളിൽ അടിയന്തിര സുരക്ഷാ നടപടികൾ സ്വീകരിക്കുന്നതിനായി ഓരോ ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകൾക്കും (DRSC) 10 ലക്ഷം രൂപ വീതം അനുവദിക്കുവാൻ റോഡ് സേഫ്റ്റി അതോറിറ്റിയുടെ യോഗം തീരുമാനിക്കുകയും, ആദ്യ ഗഡുവായി 5 ലക്ഷം രൂപ വീതം അനുവദിച്ചു നൽകുകയും ചെയ്തിട്ടുണ്ട്. Vulnerable റോഡ് സ്ട്രെച്ചുകൾ പരിഹരിക്കുന്നതിനുള്ള ഗൈഡ് ലൈൻ റോഡ് സേഫ്റ്റി അതോറിറ്റി പുറപ്പെടുവിച്ചിട്ടുള്ളതും, ആയതിനായി ജില്ലാതലത്തിൽ പ്രത്യേക പരിശോധനാ സംഘങ്ങളെ നിയോഗിച്ച് ആവശ്യമായ സുരക്ഷാ നടപടികൾ സ്വീകരിക്കുവാനും ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകളെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്.

- **ദേശീയപാതകളിലെ ബ്ലാക്ക് സ്പോട്ടുകൾ**

നാഷണൽ ഹൈവേ അതോറിറ്റിയും പൊതുമരാമത്ത് വകുപ്പിന്റെ ദേശീയപാത വിഭാഗവും നിയന്ത്രിക്കുന്ന ദേശീയപാതകളിൽ NATPAC Blackspot പഠനത്തിൽ കണ്ടെത്തിയ ബ്ലാക്ക് സ്പോട്ടുകളുടെ ലിസ്റ്റ് പരിഹാര നടപടികൾക്കായി നാഷണൽ ഹൈവേ അതോറിറ്റിക്കും (NHAI), പൊതുമരാമത്ത് വകുപ്പിന്റെ ദേശീയപാത വിഭാഗം ചീഫ് എഞ്ചിനീയർക്കും

| | | | |
|---|---|---|---|
| | | | നൽകിയിട്ടുണ്ട്. കൂടാതെ, ദേശീയ പാത NH 66 ലെ ബ്ലാക്സ്പോട്ടുകൾ പരിഹരിക്കുന്നതി ലേക്കായി ആറ് വരിപാത പദ്ധതി NHAI നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

- **സേഫ് കേരള പദ്ധതി**

 AI ക്യാമറകൾ ഉൾപ്പെടെ ഉപയോഗിച്ച് 24 മണിക്കൂറും ഗതാഗത നിരീക്ഷണം നടത്തി ട്രാഫിക് നിയമലംഘനങ്ങൾ തടഞ്ഞ് അപകടങ്ങൾ കുറയ്ക്കാൻ ആവിഷ്കരിച്ച പദ്ധതിയാണിത്.

- **ശബരിമല സേഫ് സോൺ**

ശബരിമല തീർത്ഥാടനകാലത്ത് സുരക്ഷിതമായ യാത്ര ഉറപ്പാക്കുന്നതിനായി ട്രാഫിക് സൈനേജുകൾ, റോഡ് മാർക്കിങ്ങുകൾ, 24 മണിക്കൂർ എൻഫോഴ്സ്മെന്റ്, brakedown അസ്സിസ്റ്റൻസ്, ക്രാഷ് ബാരിയർ സ്ഥാപിക്കൽ എന്നിവ നടത്തി വരുന്നു.

- **ബ്ലാക്ക് സ്പോട്ട് മാനേജ്മെന്റ് സ്റ്റഡി**

323 അപകട സാധ്യത മേഖലകൾ കണ്ടെത്തി, 93 മുൻഗണനാ ബ്ലാക്ക് സ്പോട്ടുകളിൽ തിരുത്തൽ നടപടികൾ.

- **സ്കൂൾ സോൺ സുരക്ഷാ പരിപാടി**

 100 സ്കൂളുകളിൽ വിദ്യാർത്ഥികൾക്ക് പരിശീലനം, ഓരോ സ്കൂളിനും ₹50,000 വീതം അനുവദിച്ചു.

- **സേഫ് സ്കൂൾ സോൺ പദ്ധതി**

 തെരഞ്ഞെടുത്ത 50 സ്കൂളുകളിൽ നടപ്പാത, കൈവരി, സീബ്രാ ക്രോസിങ്, സൈൻബോർഡുകൾ.

- **Safe Road to School Project**

 NATPAC വഴി 100 സ്കൂൾ മേഖലയിലെ സുരക്ഷ ഉറപ്പാക്കൽ.

- **നടപ്പാത നിർമ്മാണം**

ഹൈക്കോടതി ഉത്തരവനുസരിച്ച് 13 അപകടസാധ്യതയുള്ള സ്ഥലങ്ങളിൽ ഫുട്പാത്ത് നിർമ്മാണം

- **റോഡ് സുരക്ഷാ ബോധവത്ക്കരണം**

 FM, KSRTC ബസുകൾ, റെയിൽവേ സ്റ്റേഷനുകൾ വഴി ജിംഗിളുകൾ.

- **ആൽക്കോമീറ്റർ വിതരണം**

KSRTC ക്കും പൊലീസിനും, ഡ്രൈവർമാരുടെ മദ്യപാന പരിശോധനക്കായി ആൽക്കോമീറ്റർ വിതരണം.

- **ഡാഷ്ബോർഡ് ക്യാമറകൾ**

KSRTC ബസുകൾക്ക് ഡാഷ്ബോർഡ് ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി

- **ആധുനിക ഡ്രൈവിംഗ് സ്കൂളുകൾ**

KSRTC യുടെ കീഴിൽ സുരക്ഷാകേന്ദ്രിത ഡ്രൈവർ പരിശീലന കേന്ദ്രങ്ങൾ.

- **സേഫ് ക്യാമ്പസ് ക്യാമ്പെയ്ൻ**
  വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ലഹരി വിരുദ്ധ അവബോധം .
- **NH റോഡ് വർക്ക് സോൺ സേഫ്റ്റി**
  6 ലെയിനിംഗ് സ്ട്രെച്ചുകളിൽ എൻഎച്ച്എഐ ക്ക് റോഡ് വർക്ക് സോൺ സേഫ്റ്റി നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.
- **ഓവർലോഡഡ് വാഹനങ്ങൾക്കുള്ള സംയുക്ത എൻഫോഴ്സ്മെന്റ്**

  പോലിസ്, ആർടിഒ, റവന്യൂ, ലീഗൽ മെട്രോളജി, മൈനിംഗ് വകുപ്പുകളുമായി ചേർന്ന സംയുക്ത എൻഫോഴ്സ്മെന്റ്.

- **ഹൈസ്പീഡ് ബൈക്ക് സ്റ്റണ്ടുകൾ തടയൽ** – ഓൺലൈൻ പ്ലാറ്റ്ഫോമുകളിലുള്ള (യൂട്യൂബ്) അപകടകരമായ വീഡിയോകൾ നീക്കം ചെയാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.
- **മരച്ചില്ലുകളും ഫ്ളെക്സ് ബോർഡുകളും നീക്കം** – അനധികൃത ബോർഡുകൾ നീക്കംചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.